## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1748** **04-02-2026 - ൽ മറുപടിയ്ക്ക്**

### ആശ്രിത നിയമനം നൽകുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തൃശ്ശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യുക്കേഷൻ ഓഫീസിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീമതി അനിത എം.ബി.-യുടെ മകൾ അനഘയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | (എ) | തൃശ്ശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 11.01.2025 ന് മരണപ്പെട്ട ശ്രീമതി അനിത എം. ബി യുടെ മകൾ ശ്രീമതി. അനഘ പി. ആർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമ നം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാകുകയും, F1/117/2025-HEDN ഫയലിൽ പരിശോധിച്ച് 29.03.2025 തീയതിയിലെ സ.ഉ.(അച്ചടി) നം.4/2025/പി&എ.ആർ.ഡി ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി അപേക്ഷ ഉൾപ്പടെ നൽകിയിരിക്കുകയാണ്.<br><br>ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ ശ്രീമതി അനഘ പി. ആർ ന്റെ ആശ്രിതനിയമന അപേക്ഷയും അനുബന്ധരേഖകളും അന്വേഷണത്തിനായി 07.10.2025 തീയതിയിൽ തൃശ്ശൂർ കളക്ടർ ചാലക്കുടി തഹസിൽദാർക്ക് നല്കിയിട്ടുള്ളതും തുടർന്ന് മുരിങ്ങൂർ തെക്കുമുറി വില്ലേജ് ഓഫീസറിൽ നിന്നും ശ്രീമതി അനഘ പി. ആർ എന്നിവരുമായി ബന്ധപ്പെട്ട വിവരങ്ങൾ 15.12.2025 തീയതിയിൽ ചാലക്കുടി തഹസിൽദാർ ലഭ്യമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ റിപ്പോർട്ട് ജില്ലാ കളക്ടർ തയ്യാറാക്കിവരുന്നതുമാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ